**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5158** **12-08-2021 - ൽ മറുപടിയ്ക്ക്**

**ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ധനകാര്യ സ്ഥാപനങ്ങൾ 1982-ലെ കേന്ദ്ര ചിട്ടി നിയമപ്രകാരമാണോ ചിട്ടികൾ നടത്തുന്നതെന്ന് പരിശോധിക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റേയും (ജില്ലാ രജിസ്ട്രാർ) നേതൃത്വത്തിൽ പരിശോധനകൾ നടത്തുകയും എല്ലാ ജില്ലയിലും ചിട്ടി ഇൻസ്പെക്ടർമാർ കൃത്യമായ പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു. |
| (ബി) | 2020-21 സാമ്പത്തികവർഷത്തിൽ ചിട്ടി നടത്തുന്ന സ്ഥാപനങ്ങൾ കേരള സർക്കാരിലേക്ക് ഒടുക്കിയ കമ്മീഷൻ/ലാഭവിഹിതം എത്രയെന്ന് അറിയിക്കാമോ; | (ബി) | കമ്മീഷനോ/ലാഭവിഹിതമോ സർക്കാരിന് ലഭിക്കുന്നില്ല. ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതു വഴി ലഭിക്കുന്ന ഫീസും, സ്റ്റാമ്പും, ചിട്ടികളുടെ മിനിറ്റ്സുകളും, ബാലൻസ് ഷീറ്റുകളും ഫയൽ ചെയ്യുമ്പോഴും കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യുമ്പോൾ ലഭിക്കുന്ന ഫൈനും സർക്കാരിന് ലഭിക്കുന്നു. |
| (സി) | പ്രസ്തുത സ്ഥാപനങ്ങൾ ചിട്ടി രജിസ്റ്റർ ചെയ്യുന്നത് പരിശോധിക്കാൻ ധനകാര്യ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) | ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നടപടികൾ ഇല്ല. |
| (ഡി) | ഇത്തരം സ്കീമുകളുടെ സല/ലാഭത്തിന്റെ അടിസ്ഥാനത്തിലാണോ സർക്കാരിലേക്ക് കമ്മീഷൻ ഒടുക്കുന്നതെന്ന് അറിയിക്കാമോ; | (ഡി) | കമ്മീഷനോ/ലാഭവിഹിതമോ സർക്കാരിന് ലഭിക്കുന്നില്ല. ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതു വഴി ലഭിക്കുന്ന ഫീസും, സ്റ്റാമ്പും, ചിട്ടികളുടെ മിനിറ്റ്സുകളും, ബാലൻസ് ഷീറ്റുകളും ഫയൽ ചെയ്യുമ്പോഴും കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യുമ്പോൾ ലഭിക്കുന്ന ഫൈനും സർക്കാരിന് ലഭിക്കുന്നു. |
| (ഇ) | എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. എന്നിവ ചിട്ടികളാണോ അതോ ഡെപ്പോസിറ്റ് സ്കീമുകളാണോ എന്നറിയിക്കുമോ ? | (ഇ) | സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന എം.ഡി.എസ്., ജി.ഡി.എസ്. എന്നിവ ഡെപ്പോസിറ്റ് സ്കീമുകളാണ് |

സെക്ഷൻ ഓഫീസർ